**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1775** **13-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ എ ഐ ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി മോട്ടോർവാഹന വകുപ്പ് സ്ഥാപിച്ചിട്ടുള്ള എ ഐ ക്യാമറകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (എ) | പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | എത്ര നിയമലംഘനങ്ങളാണ് എ ഐ ക്യാമറകൾ മൂലം കണ്ടെത്താനായതെന്നും എത്ര രൂപയുടെ പിഴ ഈടാക്കിയെന്നും ഏത് ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് ഈ തുക ക്രമീകരിച്ചിട്ടുള്ളതെന്നും, ഇതിന്റെ വിനിയോഗം എപ്രകാരമാണെന്നും അറിയിക്കാമോ; | (ബി) | നിലവിൽ ലഭിച്ച കണക്ക് പ്രകാരം 90. 97, 613 നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 592,20,63,001/-രൂപ പിഴ ചുമത്തിയിട്ടുണ്ട്. റോഡ് ഗതാഗത നിയമ ലംഘനവുമായി ബന്ധപ്പെട്ട ഫീസുകളും പിഴകളും, സംസ്ഥാന സഞ്ചിതനിധിയിലെ റവന്യ വരവ് ശീർഷകമായ '0041-00-102-97-മോട്ടോർ വാഹന നികുതി ആക്ട് സെക്ഷൻ 200 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് ' എന്നതിലാണ് ഈടാക്കിവരുന്നത്. പ്രസ്തുത തുകയുടെ 50% കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് കൈമാറണമെന്ന് 2007-ലെ റോഡ് സുരക്ഷാ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | എ ഐ ക്യാമറ സ്ഥാപിച്ചിട്ടുള്ള ഇനത്തിൽ നിർവ്വഹണ ഏജൻസിക്ക്, കരാർ സ്ഥാപനത്തിന് എത്ര രൂപയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഏത് ഫണ്ടിൽ നിന്നാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | (സി) | കേരളം റോഡ് സുരക്ഷ അതോറിറ്റി നിർവ്വഹണ ഏജൻസിയായ കെൽട്രോണിനു മോട്ടോർ വാഹന വകുപ്പ് മുഖേന 44,23, 31, 362/-രൂപ അനുവദിച്ചിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ '3055-00-800-95' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ